# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2403** — 19-07-2016 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം രാജ്യാന്തര തുറമുഖം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി.സതീശൻ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖവുമായി ബന്ധപ്പെട്ട റെയിൽവേ ലൈനിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം ഫിനാൻഷ്യൽ ക്ലോഷർ തീയതി (മെയ് 2016 ) മുതൽ രണ്ടു വർഷത്തിനകം റെയിൽവെ ലൈനിനു വേണ്ടി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. |
| (ബി) എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ഏതു വരെയായി എന്ന് വ്യക്തമാക്കുമോ;<br>(സി) നടപടി ക്രമങ്ങൾ പൂർത്തിയായെങ്കിൽ സ്ഥലം എപ്പോൾ ഏറ്റെടുക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) യും (സി) യും | സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനു മുൻപ് തുറമുഖ റെയിൽപ്പാതയുടെ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെ അംഗീകാരം നേടേണ്ടതുണ്ട്. ഇതിനായി റെയിൽപ്പാതയുടെ കരട് പ്രോജക്ട് റിപ്പോർട്ട് 'RVNL' മുഖാന്തിരം തയ്യാറാക്കിയിട്ടുണ്ട്. വിഴിഞ്ഞം പദ്ധതി പ്രദേശത്തു നിന്നും ആരംഭിച്ച് നിലവിലുള്ള നേമം റെയിൽവേ സ്റ്റേഷനിലേയ്ക്ക് യോജിപ്പിക്കുന്ന തരത്തിലാണ് പ്രോജക്ട് റിപ്പോർട്ട് 'RVNL' തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഒരു 'Y' കണക്ഷൻ മുഖാന്തിരം പ്രസ്തുത തുറമുഖ റെയിൽ പാതയെ ബാലരാമപുരം ഭാഗത്തേയ്ക്ക് ബന്ധിപ്പിക്കണമെന്ന് സതേൺ റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനിടെ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയവുമായി 2016 ഫെബ്രുവരി 8 നു ചേർന്ന യോഗതീരു |

മാനത്തിന്റെയടിസ്ഥാനത്തിൽ, കേന്ദ്ര സർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ സഹായത്തോടെ പ്രസ്തുത റെയിൽപ്പാത നടപ്പിലാക്കുന്നതിനായി സാഗർമാല പദ്ധതികൾക്കനുസൃതമായി പ്രോജക്ട് റിപ്പോർട്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികൾ 'RVNL' മുഖാന്തിരം എടുത്തുവരുന്നു.

പ്രോജക്റ്റ് റിപ്പോർട്ടിൽ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെയും കേന്ദ്ര റെയിൽ മന്ത്രാലയത്തിന്റെയും അനുമതി ലഭ്യമായാലേ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാനാകൂ.

സെക്ഷൻ ഓഫീസർ